MINA A.M.U.P. SCHOOL
ESTD: 1949
CHERUVAYUR

# ACADEMIC MASTER PLAN - 2025-26.



## MINA A M U P SCHOOL CHERUVAYUR

Scanned with OKEN Scanner

# മൈന എ എം യു പി സ്കൂൾ
# ചെറുവായൂർ

വാഴക്കാട് പഞ്ചായത്തിലെ ചെറുവായൂർ കുന്നുമ്പുറം എന്ന പ്രദേശത്ത് ഏകാധ്യാപക വിദ്യാലയമായി നിലവിലെ അംഗീകാരമനുസരിച്ച് 1949-ൽ സ്ഥാപിതമായി. ഗ്രാമീണ സൗന്ദര്യത്താൽ അനുഗ്രഹീതമായ ചെറുവായൂരിലെ ഈ കലാലയം 76 വർഷം പിന്നിടുകയാണ്. ഈ വിദ്യാലയത്തിൽ നിന്ന് ആദ്യാക്ഷരം കുറിച്ച അനേകം വിദ്യാർത്ഥികൾ ഇന്ന് ജീവിതത്തിലെ ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്നവരാണ്. ഈ വിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥി മുഹമ്മദ് കുഞ്ഞിക്കുട്ടിയിൻ PWD-യിൽ നിന്നും റിട്ടയർ ചെയ്ത പ്രമുഖ സിവിൽ-എഞ്ചിനീയർ ആണ്.

വിദ്യാലയത്തിലെ ആദ്യ പ്രധാനധ്യാപകൻ കടവത്ത് മുഹമ്മദ് മാസ്റ്റർ ആയിരുന്നു. പിന്നീട് പി.സി മുഹമ്മദ് ടി.കെ അബൂബക്കർ, എം.ടി. അഹമ്മദ് കുട്ടി, എം.പി മൊയ്തീൻ അലി, ഇ.എൻ ദേവദാസ്, പി. അബ്ദുൽ ബഷീർ, ഷൈനി മാത്യു എന്നിവർ സ്കൂളിന്റെ പ്രധാനധ്യാപകരായി. ഇപ്പോൾ ഈ സ്ഥാപനത്തിന്റെ പ്രധാന അധ്യാപകൻ ടി.കെ അബ്ദുൽ ബാരി മാസ്റ്ററാണ്.

സ്ഥാപനത്തിന്റെ ആദ്യ മാനേജർ മൊടവണ്ണിരി മൊയ്തീൻ എന്നവരായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിലെ ആദ്യ പെൺകുട്ടിയായിരുന്നു മൈമൂന. മൈമൂനയെ 'മൈന' എന്നായിരുന്നു വിളിച്ചിരുന്നത്. ഇതിൽ നിന്നാണ് സ്കൂളിന് മൈന സ്കൂൾ എന്ന പേര് വന്നത്. ശേഷം ദീർഘകാലം വാഴക്കാട് കാവുങ്ങൽ അഹമ്മദ് കുട്ടി ഹാജിയായിരുന്നു

മാനേജർ. അദ്ദേഹത്തിന്റെ കാലത്താണ് 1983-ൽ യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്തത്. സ്കൂളിന്റെ ആരംഭം ഗ്രാമീണ ഉത്സവത്തോടെയായിരുന്നു. വഴക്കാട് പഞ്ചായത്തിലെ മികച്ച നല്ല നേട്ടങ്ങളുള്ള സ്കൂളായിരുന്നു ഞങ്ങളുടെ സ്കൂൾ. അതുകൊണ്ട് തന്നെ പഞ്ചായത്തിലെ കായിക മത്സരങ്ങളിൽ എന്നും ഒന്നാം സ്ഥാനത്തായിരുന്നു ഈ വിദ്യാലയം.

2003 മുതൽ അരീക്കോട് സ്വദേശിയായ യു. മുഹമ്മദ് ആയിരുന്നു മാനേജർ. അദ്ദേഹത്തിന്റെ കാലഘട്ടത്തിലും ഒരുപാട് വികസന പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. നിരവധി തലമുറകൾക്ക് വിജ്ഞാനത്തിന്റെ വെളിച്ചം പകർന്നു നൽകിയ ഈ സ്ഥാപനം ഒരു മാതൃകാ വിദ്യാലയമായി മാറുകയാണ്. നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള ക്ലാസ് റൂം കേന്ദ്രീകൃത പഠന പ്രവർത്തനങ്ങളും, അതിനാവശ്യമുള്ള ഭൗതിക സൗകര്യങ്ങളും സ്കൂളിനെ മികവിലേക്കുയർത്തുന്നു. ഐടി ലാബ്, സയൻസ് ലാബ്, സ്മാർട്ട് ക്ലാസ് മുറികൾ, ഫുട്ബോൾ പരിശീലനം, കലാകായിക പരിശീലനം, വിവിധ ക്ലബ്ബുകൾ, മികച്ച യു എസ്, എസ്, എൽ എസ് എസ് പരിശീലനം, ഉപജില്ലാ മേളകളിലേക്കുള്ള പരിശീലനം എന്നിവ സവിശേഷ ശ്രദ്ധയർഹിക്കുന്നു.

യു. മുഹമ്മദ് സാഹിബിന്റെ മരണശേഷം അദ്ദേഹത്തിന്റെ മകൻ ഡോ: യു ഹാരിസാണ് സ്കൂൾ മാനേജർ. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

വിദ്യാലയത്തിന്റെ പേര് : ജെന എ എം എൽ പി സ്കൂൾ
ചെറുവായൂർ
വാഴക്കാട്

സ്കൂൾ കോഡ് : 18372

വിദ്യാഭ്യാസ ഉപജില്ല : കൊണ്ടോട്ടി

വിദ്യാഭ്യാസ ജില്ല : മലപ്പുറം.

ബി.ആർ.സി : കൊണ്ടോട്ടി

പഞ്ചായത്ത് : വാഴക്കാട്

നിയമസഭാ മണ്ഡലം : കൊണ്ടോട്ടി

ലോകസഭാ മണ്ഡലം : മലപ്പുറം

താലൂക്ക് : കൊണ്ടോട്ടി.

Scanned with OKEN Scanner

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ — ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | പി.ടി.എ ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | ഗേറ്റ് | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് പഠന പരിപോഷണം | കളിസ്ഥലം | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനങ്ങൾ |
| ശാസ്ത്രപോഷണം | ക്ലാസ് മുറികൾ | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ |
| വായനാപരിപോഷണം | ഓഫീസ് മുറി | പൂർവ്വ അധ്യാപകർ |
| ലൈബ്രറി ശാക്തീകരണം | സ്റ്റാഫ് റൂം | സഹകരണ സ്ഥാപനങ്ങൾ |
| ലബോറട്ടറി വികസനം | കമ്പ്യൂട്ടർ റൂം. | ജനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തൽ |
| ജൈവ വൈവിധ്യ പാർക്ക് | ലൈബ്രറി | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| പഠനയാത്രകൾ | എന്റെ ഉപാധി, | ഭവന സന്ദർശനം |
| കലാ-കായിക മേള | എന്റെ കൃഷിത്തോട്ടം | പഠനക്കൂട്ടം |
| ഗെയിം പരിശീലനം | മികവുത്സവങ്ങൾ | |
| ക്ലാസ് പി.ടി.എ സജീവമാക്കൽ | | |
| സ്കൂൾ പത്രം | | |
| പ്രവൃത്തി പരിചയ പഠനം | | |
| എസ്.ആർ.ജി ശാക്തീകരണം | | |
| പച്ചക്കറിത്തോട്ടം | | |
| രചനാ ശില്പശാല | | |
| മെഡിക്കൽ ക്യാമ്പ് | | |
| പാവനാടക പരിശീലനം | | |
| ചോക്ക് നിർമ്മാണ പരിശീലനം | | |
| ടേം മൂല്യനിർണ്ണയം | | |
| നിരന്തര വിലയിരുത്തൽ | | |
| ദിനാചരണങ്ങൾ | | |
| LSS, USS പരിശീലനം | | |

Scanned with OKEN Scanner

| പ്രവർത്തനം (ഇനം) | സമയം | പരിപാടികൾ. |
|---|---|---|
| മുന്നൊരുക്കങ്ങൾ | മെയ് 25 മുതൽ 30 വരെ. | Time Table അവലോകനം. സ്കൂൾ ശുചീകരണം, സ്റ്റാഫ് മീറ്റിംഗ്. SRG. PTA, MTA യോഗം. പുസ്തക വിതരണം. പ്രവേശനോത്സവം ആസൂത്രണം |
| പ്രവേശനോത്സവം | ജൂൺ 2. | നവാഗതരെ സ്വീകരിക്കൽ കുട്ടികളുടെ പരിപാടി. രാഗസുധ മധുര വിതരണം. പായസം. |
| SRG. LP. UP. | ജൂൺ 2. | ക്ലാസ് ലീഡർ, Time Table • പരിസ്ഥിതി ദിനാചരണം • പ്രീടെസ്റ്റ്. • പെരുന്നാൾ ആഘോഷം |
| Pre Test. | ജൂൺ 4. | മലയാളം, English Maths എന്നിവിഷയങ്ങളിൽ 25 Score Test. ക്ലാസ് തല അടിസ്ഥാന ശേഷി പരിശോധന. |
| പരിസ്ഥിതി ദിനം. | ജൂൺ 5 രാവിലെ. | പൊതു പരിപാടി. പരിസ്ഥിതിദിന ക്വിസ് പരിസ്ഥിതി ദിന പോസ്റ്റർ പച്ചക്കറി, പൂന്തോട്ട നിർമ്മാണം ഔഷധ സസ്യങ്ങൾ, ശേഖരണം പരിചയപ്പെടൽ, വളർത്തൽ ഉപയോഗ ക്രമം മനസ്സിലാക്കൽ. |
| [illegible]. SRG LP. UP. പെരുന്നാൾ ആഘോഷം. | ഉച്ചക്ക്. | മെഹന്തി ഫെസ്റ്റ്. |

| പ്രവർത്തനം | സമയം. | പരിപാടികൾ. |
|---|---|---|
| SRG. LP, UP. | ജൂൺ. 9. | വായനാ ദിനം. യൂണിറ്റ് ടെസ്റ്റ്, Pre-Test വിശകലനം - ആസൂത്രണം. വിവിധ ക്ലബുകൾ. |
| വായനാ ദിനം. വായനാ വാരം. | ജൂൺ 19. | വായനാ മത്സരം ക്ലാസ് തലം, സ്കൂൾ തലം. പതിപ്പ്, ആസ്വാദന കുറിപ്പ് ചുവർ പത്രിക. പുസ്തക ശേഖരണം. |
| വിവിധ ക്ലബുകൾ രൂപീകരണം. | ജൂൺ 25.26. | സയൻസ് ക്ലബ് മാത്സ് ക്ലബ് ഹെൽത്ത് ക്ലബ് വിദ്യാരംഗം സാഹിത്യവേദി. . . |
| Monthly Test | ജൂൺ 28-30. | എല്ലാ വിഷയങ്ങളും 20 score |
| | | |

Scanned with OKEN Scanner

| പ്രവർത്തനം | സമയം | പരിപാടികൾ |
|---|---|---|
| SRG. L.P. UP. | ജൂലൈ. 1 | ചാന്ദ്രദിനം, ബഷീർ അനുസ്മരണം, ലോക ജനസംഖ്യാ ദിനം. തനത് കലം. കാർഷിക ശാസ്ത്ര കലണ്ടർ. ഫീൽഡ് ട്രിപ്പ്. LSS. USS അനുമോദനം |
| ബഷീർ അനുസ്മരണം. | ജൂലൈ. 5 | · ബഷീർ കൃതികൾ പരിചയപ്പെടൽ<br>· ആസ്വാദന കുറിപ്പ് തയ്യാറാക്കൽ<br>· ക്വിസ്, ബഷീർ കഥാപാത്രങ്ങളെ പരിചയപ്പെടൽ.<br>· വിദ്യാരംഗം സാഹിത്യ വേദി ഉദ്ഘാടനം. |
| ലോക ജനസംഖ്യാ ദിനം. | ജൂലൈ. 11. | ജനസംഖ്യാ ബോധവൽക്കരണം. പതിപ്പ്. സെമിനാർ.<br>· സാമൂഹ്യശാസ്ത്ര ക്ലബ് ഉദ്ഘാടനം. |
| SRG. | ജൂലൈ 14. | വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം. |
| ജൂലൈ. 21. ചാന്ദ്രദിനം. | ജൂലൈ. 21. | · ബഹിരാകാശ സഞ്ചാരികളെ പരിചയപ്പെടൽ.<br>പതിപ്പ് നിർമ്മാണം. ക്വിസ്.<br>ചിത്ര- വീഡിയോ പ്രദർശനം.<br>· സയൻസ് ക്ലബ് ഉദ്ഘാടനം. |
| വിജയസ്പർശം USS. | 22- 28. | വിജയസ്പർശം, USS. കുട്ടികളെ കണ്ടെത്തി ഗ്രൂപ്പിൽ സമഗ്ര പ്രവർത്തനങ്ങൾക്ക് [illegible] |
| SRG. LP. UP. | ജൂലൈ. 29. | മാസാന്ത്യ അവലോകനം Monthly test. |
| Monthly Test. | ജൂലൈ. 30.31 | എല്ലാ വിഷയങ്ങളും. 20 score |
| | | |

Scanned with OKEN Scanner

| പ്രവർത്തനം | സമയം | പരിപാടികൾ |
|---|---|---|
| SRG. LP. UP. | Aug. 1 | ഹിരോഷിമ ദിനം, സ്വാതന്ത്ര്യ ദിനം. കർഷകദിനം. |
| ഹിരോഷിമാ ദിനം നാഗസാക്കി ദിനം | August-6 9. | സുഡാക്കോ കൊക്കുകൾ - ചർച്ച. പതിപ്പ് നിർമ്മാണം. ക്വിസ്. യുദ്ധപത്രിക - യുദ്ധവിരുദ്ധ റാലി. |
| സ്വാതന്ത്ര്യ ദിനം. | August.15 | സ്വാതന്ത്ര്യ ദിനാഘോഷം. പതിപ്പ് ക്വിസ്. പതാകനിർമ്മാണം. ദേശഭക്തി ഗാനരചന ആലാപനം ചരിത്രസ്മാരകങ്ങൾ സന്ദർശിക്കൽ. |
| കർഷകദിനം. | Aug. 17 ചിങ്ങം. 1 | കൃഷിക്കാരുമായി അനുഭവം ഞാറ്റിക്കൽ പതിപ്പ് നിർമ്മാണം. പച്ചക്കറിത്തോട്ട നിർമ്മാണം കാർഷിക ക്ലബ്ബ് ഉദ്ഘാടനം. |
| സ്കൂൾ കലോത്സവം. | Aug. 19. 20. | Stage programe. കലാമികവുകൾ പരിശീലനം. മൂല്യനിർണ്ണയം Selection. |
| SRG. LP. UP. | Aug. 21. 25. | First Term- Model Test. |
| CPTA. | Aug. 25. | LSS USS. Pre-Test Model Test. കലാമികവ്. etc. |
| First. Term Evaluation | Aug. 26- മുതൽ. | |

| പ്രവർത്തനം | സമയം | ഉപാധികൾ. |
| --- | --- | --- |
| SRG. L.P., UP | Sept. 2. | ഓണാഘോഷം. ഓസോൺ ദിനം. കലാ, കായിക, ശാസ്ത്ര പ്രവർത്തി പരിചയമേള. സ്കൂൾ തലം. |
| ഓണാഘോഷം. | Sept. 3. | പൂക്കള മത്സരം. വടം വലി മത്സരം ഓണപ്പാട്ട് മത്സരം. ആശംസ കാർഡ് നിർമ്മാണം. ഓണസദ്യ. |
| ഓസോൺ ദിനം. | Sept. 16. | പരിസ്ഥിതി ക്ലബ് പ്രവർത്തനങ്ങൾ. Field Trip. അയ്യൻചോല. പതിപ്പ് നിർമ്മാണം. ഓസോൺ മോഡൽ നിർമ്മാണം. |
| തൊഴിൽ പരിശീലനം | Sept. 18.19. | സോപ്പ് നിർമ്മാണം ചോക്ക് നിർമ്മാണം കുടനിർമ്മാണം. |
| SRG LP. UP. | Sept. 22. | LSS. USS. വിജയത്തിനുള്ള പ്രവർത്തനങ്ങൾ യൂണിറ്റ് Test. Octo. 2. ഗാന്ധിജയന്തി. |
| യൂണിറ്റ് ടെസ്റ്റ്. | Sept. 29. | എല്ലാ വിഷയവും 20 score. |

Scanned with OKEN Scanner

| പ്രവർത്തനം | സമയം | പരിപാടികൾ. |
|---|---|---|
| ഗാന്ധി ജയന്തി. | Oct. 2<br>3. | സേവന പ്രവർത്തനങ്ങൾ<br>ശുചീകരണ പ്രവർത്തനങ്ങൾ |
| വിവിധ മേളകൾ. | October | . സബ്ജില്ലാ തല<br>ശാസ്ത്ര - ഗണിത ശാസ്ത്ര<br>പ്രവർത്തിപരിചയമേള<br>Sports. |
| ഭക്ഷ്യമേള.<br>ലോക ഭക്ഷ്യ ദിനം. | Oct. 16. | ഭക്ഷ്യവസ്തുക്കളുടെ സംസ്കാരം.<br>വിപണനം. പ്രദർശനം.<br>കുട്ടികളും, രക്ഷിതാക്കളും. |
| പഠനയാത്ര. | Oct. 23. | JRC. Feild Trip. |
| SRG യോഗം. | Oct. 24. | LSS. USS ക്ലാസുകൾ.<br>യൂണിറ്റ് ടെസ്റ്റ് ക്രോഡീകരണം. |
| CPTA. Monthly test | Oct. 28<br>29. | വിവിധ വിഷയങ്ങളിൽ<br>20 score. |
| CPTA. | Oct 31. | അക്കാദമികം.<br>കലാ- കായികം.<br>അച്ചടക്കം. |

Scanned with OKEN Scanner

| പ്രവർത്തനം | സമയം | പ്രവർത്തനങ്ങൾ. |
|---|---|---|
| SRG. യോഗം. | Dec.1. | Model. Exam. Second Term.<br>LSS. USS. പ്രവർത്തനങ്ങൾ.<br>ക്രിസ്തുമസ് ആഘോഷം. മനുഷ്യാവകാശ ദിനം |
| മനുഷ്യാവകാശ ദിനം | De. 10. | മനുഷ്യാവകാശങ്ങൾ<br>വിദ്യാഭ്യാസ അവകാശം.<br>ചർച്ച - സെമിനാർ.<br>വീഡിയോ പ്രദർശനം. |
| ക്രിസ്തുമസ്. | De. 23 | ആശംസാ കാർഡ് നിർമ്മാണം<br>പുൽക്കൂട്. അപ്പൂപ്പൻ.<br>കേക്ക് മുറിക്കൽ |
| SRG. LP. UP.<br>പുതുവർഷ ദിനം. | Jan. 1 | . പോയ വർഷത്തെ പ്രധാന സംഭവങ്ങൾ.<br>. പുതു വത്സര തീരുമാനങ്ങൾ ചർച്ച<br>മധുരം നൽകൽ |
| റിപ്പബ്ലിക് ദിനം | Janu. 26. | ക്വിസ് മത്സരം<br>റാലി, സെമിനാറുകൾ. |
| പഠനയാത്ര.<br>വിനോദയാത്ര. | | |
| സ്കൂൾ വാർഷികം<br>ആലോചനയോഗം | | |
| സി.വി. Raman day. | Feb. 28. | ദേശീയ ശാസ്ത്ര ദിനം.<br>ക്വിസ്, പതിപ്പ്, വീഡിയോ പ്രദർശനം. |
| മികവുത്സവം. | | വിവിധ വിഷയങ്ങളിലെ മികവുകൾ അവതരിപ്പിക്കുന്നു. |

Scanned with OKEN Scanner

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.

- ലഘു പഠനയാത്രകൾ , പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക , അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂട്ടത്തിൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

Scanned with OKEN Scanner

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ<br>സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം<br>വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |



Scanned with OKEN Scanner

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : അടിസ്ഥാനശാസ്ത്രം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | റിമാർക്ക് |
|---|---|---|---|---|---|
| 5, 6, 7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | • 5,6,7 ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• നിരന്തര മൂല്യനിർണ്ണയത്തിനും പരിഹാരബോധനത്തിനും ആവശ്യമായ ടൂളുകൾ തയ്യാറാക്കുന്നു.<br>• ഉപകരണനിർമ്മാണ ശിൽപശാല നടത്തി ക്ലാസ് ലാബ് തയ്യാറാക്കുന്നു. | ഓരോ ടേമിലും<br>ഓരോ ടേമിലും<br>ഓരോ ടേമിലും | 1000 ✓<br>1000 ✓<br>20000 ✓ | സയൻസ് ക്ലബ് | |
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികളിൽ മുഴുവൻ കുട്ടികളേയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | • സ്കൂൾ ലാബ് ശാക്തീകരണം, വിഭവശേഖരണം<br>• എല്ലാക്ലാസുകളിലും സയൻസ് ലാബ് /ശാസ്ത്രകോർണർ<br>• ശാസ്ത്രപരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പെഡഗോജി പാർക്ക്<br>• എല്ലാവർക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്ന രീതിയിൽ ആഴ്ചയിൽ നടത്തുന്ന സയൻസ് ഷോ<br>• കുട്ടിക്കൊരു ശാസ്ത്രകിറ്റ് | CV രാമൻ ദിനം<br>എല്ലാ വർഷവും | 75000 | PTA, മാനേജിംഗ് കമ്മിറ്റി, സയൻസ് ക്ലബ് | പൂർത്തിയായി |



മൈന എ.എം. യു.പി.എസ്. ചെറുവാളൂർ.

Scanned with OKEN Scanner

# ഗണിതം

## ആമുഖം

കുട്ടികളുടെ ഗണിതവൽക്കരണ ശേഷികൾ വികസിപ്പിക്കലാണ് ഗണിത വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. എല്ലാ കുട്ടികൾക്കും ഗണിത പഠനത്തിന് താൽപര്യമുള്ളവരാക്കുകയും ഭയമില്ലാതെ അഭ്യസിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാക്കുക, ഓരോ കുട്ടിക്കും ഗണിതം പഠിക്കാൻ കഴിയുമെന്ന വിശ്വാസമുണ്ടാക്കുക, ഇതിന് സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളും ഉപയോഗിക്കുകയും ചെയ്യുക.

## അക്കാദമികം

- ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
- മുൻ ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല.

## പരിഹാര നിർദ്ദേശങ്ങൾ

- പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം നിർണ്ണയിക്കുക.

Scanned with OKEN Scanner

- അടിസ്ഥാന ശേഷികൾ ഉറപ്പിക്കുക.
- ഗണിത പഠനത്തിൽ താൽപര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ക്ലാസിന്റെ ആരംഭത്തിൽ ചെയ്യുക
- ക്ലാസ്മുറികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
- ഗണിതാശയങ്ങൾ നിത്യജീവിതവുമായി കഴിയുന്നതും ബന്ധപ്പെടുത്തുക.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറികളിൽ ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലഭ്യമാക്കുക.
- ക്ലാസ് പി.ടി.എ. ബോധവൽക്കരണം നടത്തുക.
- പഠനനേട്ടം പഠന നിലവാരം എന്നിവ രക്ഷിതാക്കളുമായി പങ്കുവെക്കുക.
- പഠനോപകരണ ശിൽപശാല നടത്തുക
- കുട്ടികൾ നേടേണ്ട അടിസ്ഥാന ശേഷികൾ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
    - ഗണിത മാഗസിൻ ഇറക്കൽ
    - ഗണിത വർക്ക്ഷീറ്റ്

- ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും സ്വന്തം രചനകൾ നടത്താനുമുള്ള അവസര സൃഷ്ടിക്കൽ
    - ഗണിത ശാസ്ത്രജ്ഞർ
    - ഗണിത മാഗസിൻ

- മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുകയും വളർത്തുകയും ചെയ്യുക.
    - ഗണിത ക്വിസ്സ്
    - ഗണിത ടാലന്റ് സെർച്ച് പരീക്ഷകൾ
    - ഗണിത ക്യാമ്പുകൾ
    - ഗണിതോത്സവം
    - ദിനാചരണങ്ങൾ

- ഗണിത കളി, ചെസ്സ്, പസിൽസ്, നാടറിവ്, ഒറിഗാമി, പാട്ട്, കഥ ഇതൊക്കെ അറിയാൻ അവസരം നൽകൽ
    - ഗണിത ഗെയിം കോർണർ
    - പസിൽ കോർണർ
    - നാടറിവ് ശേഖരണം
    - ചെസ്സ്

- ICT യുടെ ഉപയോഗം കുട്ടികളിൽ വളർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
    - വീട്ടിൽ കമ്പ്യൂട്ടർ
    - സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യുക.

- ദിനാചരണങ്ങൾ നടത്തുക.
    - ദേശീയ ഗണിത ദിനാചരണം ഡിസംബർ 22
    - ഗണിത ക്വിസ്
    - ഡോക്യുമെന്ററി പ്രദർശനം
    - ഗണിത മാജിക് സ്ക്വയർ നിർമ്മാണം
    - ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്ര വിവര ശേഖരണം.

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) 5,6,7 **ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | 1500 |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | 2500 |
| 3) **ഹിന്ദി സംസാരം:** ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | 4000 |



Scanned with OKEN Scanner

## വിഷയം - ഉർദു

| Sl No | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | മീഠീ ആവാസ് വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ. ബാല മാസികകൾ, , വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാരചണ ങ്ങളിൽ | സബ്ജക്ട് കൗൺ സിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 2 | സാഹിത്യ ക്യാമ്പ് | കുട്ടികളുലെ രചനാപരമായ ശേഷി പരിപാഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺ സിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 3 | ഹമാരി സബാൻ ഉർദു ദിനം | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | നവംബർ-9 | സബ്ജക്ട് കൗൺ സിൽ | 500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 4 | ദിനാചരണങ്ങൾ | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭാഷാ ശേഷി വളർത്തുന്നതിനും , സർഗ്ഗാത്മകത വളർത്തുന്നതിനും | അതാത് ദിനാചര ണങ്ങളിൽ | സബ്ജക്ട് കൗൺ സിൽ | 500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |

Abdusameer kk
UPST Urdu, Mina AMUP School Cheruvayur

Scanned with OKEN Scanner

## SANSKRIT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണം<br>സംസ്കൃത ജ്ഞാനം<br>പ്രദർശപാടവം | ഐ.ടി യിലൂടെ സംസ്കൃത പഠനം<br>സംസ്കൃതം ടൈപ്പിംഗ്<br>സ്ലൈഡ് നിർമ്മാണം<br>ആനിമേഷൻ<br>ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ നാലുതവണ | അമരവാണി സംസ്കൃതം ക്ലബ് | |
| സംഭാഷണ സാമർത്ഥ്യം<br>ആലാപനം<br>സംസ്കൃത ജ്ഞാനം | സംഭാഷണ സംസ്കൃതം<br>ക്ലാസ്സിലെ സംസ്കൃതവാതാവരണം സൃഷ്ടിക്കൽ<br>സംസ്കൃതം കേൾക്കാനുള്ള അവസരം<br>പറയാനുള്ള അവസരം<br>ഉചിതമായ പ്രോത്സാഹനം നൽകൽ | എല്ലാ മാസവും രണ്ട് തവണ | അമരവാണി സംസ്കൃതം ക്ലബ് | |
| ശേഖരണം പ്രദർശനം<br>സംസ്കൃത ജ്ഞാനം,<br>ശില്പശാല | സംസ്കൃത പ്രദർശനി<br>പച്ചക്കറികളുടെയും വസ്തുക്കളുടെയും ശേഖരണം<br>നിത്യോപയോഗ സാധനങ്ങളുടെ ശേഖരണം<br>ശേഖരിച്ചവയുടെ പേരുകൾ സംസ്കൃതത്തിൽ എഴുതൽ<br>ഇവയുടെ പ്രദർശനം | വർഷത്തിൽ ഒരു തവണ | അമരവാണി സംസ്കൃതം ക്ലബ് | 5000 |
| കായികപരമായ ആരോഗ്യം<br>കളികളെ കുറിച്ചുള്ള<br>അവബോധം സംഭാഷണ<br>സാമർത്ഥ്യം സംസ്കൃത ജ്ഞാനം | കായിക സംസ്കൃതം പഠനം കളിയിലൂടെ<br>കളികളെക്കുറിച്ച് അറിവ് നൽകൽ കായികപരമായ<br>അറിവ് നൽകൽ സംസ്കൃതത്തിൽ സംഘ രൂപീകരണം | എല്ലാമാസവും ഒരുതവണ | അമരവാണി സംസ്കൃതം ക്ലബ് | |
| വാർത്താ ജ്ഞാനം, | കയ്യെഴുത്തുമാസിക നിർമ്മാണം | എല്ലാമാസവും | അമരവാണി സംസ്കൃതം | |

WPS Office

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി അറബിക്

| ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പ്രവർത്തനം | കാലയളവ് | നേട്ടം |
|---|---|---|---|---|
| വായിക്കാം എഴുതാം | പ്രീ ടെസ്റ്റ് ദിനാചരണങ്ങൾ പ്രഗദ്ഭ വ്യക്തികൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ | അക്ഷരക്കാർഡുകൾ, ചിത്രക്കാർഡുകൾ, പദക്കാർഡുകൾ എന്നിവ നൽകൽ, ICT ഉപയോഗിച്ച കളികൾ. പോസ്റ്റർ നിർമ്മാണം, പ്ലക്കാർഡ് നിർമ്മാണം. | ജൂൺ ജൂലൈ ആഗസ്റ്റ് സെപ്റ്റംബർ | എഴുത്തും വായനയും അറിയുന്ന കുട്ടികളെ കണ്ടെത്തൽ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | വായനാമത്സരത്തിന് പ്രാധാന്യം നൽകൽ, വായനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകൽ | പദങ്ങൾ നിർമ്മിക്കാൻ അവസരം നൽകൽ, പുതിയ പുതിയ പദങ്ങൾ കണ്ടെത്തൽ, കോപ്പി, വർക്ക് ബുക്ക് എന്നിവക്ക് പ്രാധാന്യം നൽകൽ, ഗദ്യ വായന | ഒക്ടോബർ നവംബർ | മികച്ച കുട്ടികളെ കണ്ടെത്തൽ |